**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2994** **28/01/2014-ൽ മറുപടിയ്ക്ക്**

**ലാന്റ് അക്വിസിഷൻ ആക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം. ആരിഫ് | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഇന്ത്യാ ഗവൺമെന്റിന്റെ എൽ. എ. ആക്ട് 1894 നു പകരമായ എൽ. എ. ആക്ട് 2013 നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് നിലവിൽ വന്നത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. ഈ നിയമത്തിന് 01-01-2014 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഈ ആക്ട് കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സർക്കാർ പദ്ധതികളുടെ പൂർത്തിയാകാത്ത ലാന്റ് അക്വിസിഷൻ നടപടി ഏത് നിയമം അടിസ്ഥാനമാക്കിയാണ് പൂർത്തിയാക്കുന്നത്; വ്യക്തമാക്കാമോ ; | (ബി) | 01-01-2014 മുതൽ പുതിയ നിയമം നിലവിൽ വന്നതിനാൽ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഇതുവരെ പൂർത്തിയാകാത്ത ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടത്. |
| (സി) | കേരള സർക്കാരിന്റെ എൽ.എ. റൂൾ 1990 നിലവിലുണ്ടോ; എങ്കിൽ പുതിയ റൂൾ ആവശ്യമുണ്ടോ; എങ്കിൽ പുതിയ റൂൾ എന്ന് നിയമമാക്കും ; വ്യക്തമാക്കാമോ ; | (സി) | കേരള സർക്കാരിന്റെ എൽ.എ. റൂൾ 1990 നിലവിലില്ല. പുതിയ റൂൾ ആവശ്യമുണ്ട്. പുതുതായി നിലവിൽ വന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ പുതിയ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | നിലവിൽ എൽ. എ. നടപടിക്രമം പൂർത്തിയാകാത്ത സർക്കാർ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ തടസ്സമുണ്ടോ; വിശദമാക്കാമോ ? | (ഡി) | തടസ്സമുണ്ട്. നിലവിലുള്ള എൽ. എ. ആക്ട് കാലഹരണപ്പെട്ട സാഹചര്യത്തിൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും നൽകി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2995

28.01.2014 ൽ
മറുപടിക്ക്

### നെൽവയൽ-തണ്ണീർത്തടം നികത്തൽ തടയുന്നതിന് നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) നെൽവയൽ-തണ്ണീർത്തടം, കുളങ്ങൾ, ചതുപ്പുനിലങ്ങൾ ഇവ നികത്തുന്നത് തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) നെൽവയൽ-തണ്ണീർത്തടം, കുളങ്ങൾ, ചതുപ്പുനിലങ്ങൾ ഇവ നികത്തുന്നത് തടയുന്നതിനായി 2008-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നിട്ടുള്ളതാണ്. |
| (ബി) അവശ്യസന്ദർഭങ്ങളിൽ ഇവയിൽ ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, വീട് നിർമ്മിക്കുന്നതിന് മറ്റ് ഭൂമി ഇല്ലാത്തവർക്ക് പ്രാദേശികതല സമിതി-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഏരിയായിൽ പത്ത് സെന്റും, മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയായിൽ അഞ്ച് സെന്റും നികത്തുന്നതിന് അനുമതി നൽകുവാൻ വ്യവസ്ഥയുണ്ട്. നിലം പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, നിയമത്തിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കി-ക്കൊടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്.<br><br>എന്നാൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി |

ശിപാർശ ചെയ്യുകയും, സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്ത-ലോ ചേർന്നു കിടക്കുന്ന നെൽവയലിലെ നെൽകൃഷിയെയോ ആ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയെയെ ദോഷകരമായി ബാധിക്കുകയില്ലെന്നും സർക്കാരിന് ബോധ്യപ്പെടുകയും ചെയ്താലല്ലാതെ യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാൻ പാടുള്ളതല്ല [സെക്ഷൻ 10(2)].

(സി) പ്രസ്തുത നിയമങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് ഇത്തരം സ്ഥലങ്ങൾ നികത്തിയവർക്കെതിരെ പ്രസ്തുത നിയമം വന്നതിനുശേഷം നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതി-നുമുമ്പ് നെൽവയലുകളും തണ്ണീർത്തടങ്ങളും അനുവാദം കൂടാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ കേരള ഭൂവിനിയോഗ ഉത്തരവ് 1967-ന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വന്നിരുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന തീയതി മുതലേ ടി നിയമത്തിന് പ്രാബല്യമുള്ളു എന്നതിനാൽ ഇതു പ്രകാരം മുൻ നിയമലംഘനങ്ങൾക്കെ-തിരെ നടപടി സ്വീകരിച്ചിട്ടില്ല.

Sreekala T.P.
സെക്ഷൻ ഓഫീസർ